കളിൽപ്പെട്ട ഒരു പദ്ധതി മാത്രമാണിത്. നബാർഡ് സ്കീമിൽ മൊത്തമായി ആണ് പണം അനുവദിക്കുന്നത്. നബാർഡ് സഹായമുള്ള പദ്ധതി ആയതിനാൽ പദ്ധതി പൂർത്തിയാക്കാൻ സാധാരണഗതിയിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകില്ല.

വാലുമ്മൽ ഡബ്ല്യൂ. സി. ബി. നിർമ്മിക്കുന്നതിന് നടപടി

72 [2544] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടർ ഇടുന്നതുമൂലം കൽപ്പള്ളി, വാലുമ്മൽ, തെങ്ങിലക്കടവ് ഭാഗത്ത് വെള്ളം കയറി കൃഷി ഇറക്കാൻ സാധിക്കാതെ വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനുവേണ്ടി മാവൂർ വാലുമ്മൽ ഭാഗത്ത് ഒരു ഡബ്ല്യൂ.സി.ബി. നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ ഡബ്ല്യൂ. സി. ബി. നിർമ്മിക്കാൻ എടുത്ത നടപടി വിശദമാക്കുമോ;

(ഡി) ഡബ്ല്യൂ.സി.ബി.-യുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാവും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ പ്രവൃത്തി ഏതു ഏജൻസിയുടെ മേൽനോട്ടത്തിലാണ് എന്നും എന്തുതുക ഇതിനായി വകയിരുത്തിയിട്ടുണ്ട് എന്നുമുള്ള വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ ഇടുന്നതുമൂലം വാലുമ്മൽ, തെങ്ങിലക്കടവ് ഭാഗത്ത് വാലുമ്മൽ-എളമ്പിലശ്ശേരി തോട്ടിൽക്കുടി ചാലിയാർപ്പുഴയിലെ വെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി പ്രസ്തുത തോടിനു കുറുകെ വാലുമ്മൽ ഭാഗത്ത് ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് 15,00,000 രൂപയുടെ അടങ്കലിനു അനുമതി നൽകുകയും തുടർന്നു ദർഘാസുകൾ ക്ഷണിച്ച് 2005 മാർച്ച് മാസം മുതൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2006 ഫെബ്രുവരി മാസത്തോടെ വാലുമ്മൽ വി.സി.ബി.-യുടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ പ്രവൃത്തി ചെറുകിട ജലസേചന വിഭാഗത്തിന്റെ കീഴിലാണ് നടപ്പിലാക്കുന്നത്. 15,00,000 രൂപ പ്രവൃത്തിക്കായി വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly